**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5317** **12-08-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള കൈത്തറി തുണികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിലുള്ള ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയതെന്ന് അറിയിക്കുമോ; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നുണ്ട്; വിശദ വിവരം നൽകാമോ? | (എ) | 2021-22 അദ്ധ്യയന വർഷത്തിലേക്കായി വിതരണം ചെയ്ത സ്കൂൾ യൂണിഫോം തുണികൾ വിവിധ കളറുകളിൽ ചായം മുക്കുന്നതിനായി ഇ-ടെണ്ടർ വ്യവസ്ഥയിലൂടെ തമിഴ്നാട്ടിലുള്ള അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ് മിൽസ്, യുണൈറ്റഡ് ബ്ലീച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്നീ മില്ലുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ് മിൽസിന് 28,15,400 മീറ്റർ തുണിയും, യുണൈറ്റഡ് ബ്ലീച്ചേഴ്സിന് 12,61,900 മീറ്റർ തുണിയും, മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡിന് 58,800 മീറ്റർ തുണിയുമാണ് നൽകിയത്. |

സെക്ഷൻ ഓഫീസർ